132 (758) ബദിയടുക്ക ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബദിയടുക്ക പ്രൈമറി ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടം പണി പൂർത്തിയാക്കിയിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം പ്രൈമറി ഹെൽത്ത് സെന്ററിനായി തുറന്നു കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം എന്നത്തേയ്ക്ക് തുറന്നുകൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) രണ്ടു വർഷം ആയി.

(ബി)&(സി) പ്രസ്തുത പി.എച്ച്.സി.യുടെ പുതിയതായി നിർമ്മിച്ച വാർഡിന്റെ പ്രവർത്തനത്തിനായി ജി.ഒ.(എം.എസ്) 20/99/ആ.കു.വ. തീയതി 22.1.99 പ്രകാരം അനുവദനീയമായ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചേരുന്ന ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി, വാർഡിന്റെ ഉദ്ഘാടനം സംബന്ധിച്ച് ഉടനെ തീരുമാനം എടുക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

133 (759) ഗൈനക്കോളജി വാർഡിലെ അപര്യാപ്തത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വാർഡിലെ അപര്യാപ്തത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസവ വാർഡ് വിപുലീകരിക്കുന്നതിനും കൂടുതൽ ബെഡ്ഡുകളും ടേബിളുകളും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഗർഭിണികളോട് ക്രൂരമായി പെരുമാറിയ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ജില്ലാ പഞ്ചായത്ത് അനുവദിച്ച 7 ലക്ഷം രൂപ പ്രസവ വാർഡിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കുന്നതാണ്.

(സി) അത്തരത്തിലുള്ള പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല എന്നാണ് ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുള്ളത്. വ്യക്തമായ പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് തക്കതായ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly